035273

# വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ

**പ്രേഷിതൻ**


*RAMYA P*
*PANANGADAN HOUSE*
*MUDAVANGODE*
*KARAD PO*
*VANIYAMBALAM VIA*
*MALAPPURAM DIST*
*PIN-679339*


**സ്വീകർത്താവ്**

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,

Directorate of Social Justice.
Vikhas Bhavan Post.
Thiruvananthapuram
Pin - 695033.

## വിഷയം: വിവരാവകാശ നിയമ പ്രകാരം അറിയുന്നതിന്

2005 ലെ വിവരാവകാശ നിയമപ്രകാരം താഴെ പറയുന്ന വിവരങ്ങൾ പരമാവധി വേഗത്തിൽ ലഭ്യമാക്കണമെന്ന് താൽപര്യപെടുന്നു

1. താങ്കളുടെ വകുപ്പിൽ ആസ്ഥാന കാര്യാലയത്തില് അനുവദനീയമായ ലാസ്റ്റ്ഗ്രേഡ് തസ്തികകളുടെ പേര്, അനുവദനീയമായ എണ്ണം, നിലവിലുള്ള ഒഴിവുകളുടെ എണ്ണം, ഒഴിവു നിലവിൽ വന്നതിയതി എന്നിവ തരം തിരിച്ചു നല്കുക.
   a) നിലവിലുള്ള ഒഴിവുകള് റിപ്പോർട്ട് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ഒഴിവു റിപ്പോർട്ട് ചെയ്ത തിയതി,ഒഴിവു റിപ്പോർട്ട് ചെയ്ത ഫയല് നമ്പര് എന്നിവ നൽകുക
   b) നിലവിലുള്ള ഒഴിവുകളിൽ ജില്ലകൾക്ക് compensation ആയി നൽകാനുള്ള ഒഴിവുകള് എത്ര, ഫ്രഷ് ഒഴിവുകള് എത്ര,
   c) compensation ആയി നൽകാനുള്ള ഒഴിവുകള് ഉണ്ടെങ്കില് ഒഴിവുകൾ ജില്ല തിരിച്ച് നൽകുക, ഏതു തരത്തിൽ ആണ് Compensation നൽകാനുള്ളത് എന്നും നൽകുക
   d) *26.09.1980 ലെ സ.ഉ (കയ്യെഴുത്ത്) 442/80/പൊ.ഭ.വ നമ്പർ ഉത്തരവ്,31.07.1982 ലെ 155187/എസ്.ഡി1/81/പൊ.ഭ.വ നമ്പർ സർക്കുലർ, 01.11.2016 ലെ സ.ഉ.(പി) നം29/2016ഉ.ഭ.പ.വ ലെ പരാമർശം 2(iii)* എന്നിവയിലെ നിബന്ധനകള് അനുസരിച് മാതൃ ജില്ലയിലോട്ടു സ്ഥലം മാറ്റം വാങ്ങി പോയത് മൂലം മലപ്പുറം ജില്ലക്ക് compensation ആയി നൽകാനുള്ള ആസ്ഥാന ഒഴിവുകളുടെ എണ്ണം എതയാണ്, ഇവ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികള് സ്വീകരിച്ചിട്ടുണ്ടോ

e) 2016 ജനുവരി ഒന്നിന് ശേഷം ആസ്ഥാന കാര്യാലയത്തില് ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ ജോലി നോക്കിയിരുന്ന ജീവനക്കാർക്കെങ്കിലും മലപ്പുറം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകീട്ടുണ്ടോ, ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരന്റെ പേര്, സ്ഥലം മാറ്റം നൽകിയ തിയതി, സ്ഥലം മാറ്റം നൽകിയ സ്ഥാപനം, പ്രസ്തുത ജീവനക്കാരന് ജോലി ലഭിച്ചത് ഏതു ജില്ലയിലെ റാങ്ക് ലിസ്റ്റിൽ നിന്നായിരുന്നു എന്നിവ നൽകുക

2. താങ്കളുടെ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയില് ലാസ്റ്റ്ഗ്രേഡ് തസ്തികയില് നിലവിലുള്ള ഒഴിവുകൾ എത്രയാണ്
   a) പ്രസ്തുത ഒഴിവുകൾ നിലവിലുള്ള സ്ഥാപനത്തിന്റെ പേര്,തസ്തികയുടെ പേര്, ഒഴിവുകളുടെ എണ്ണം, ഒഴിവു നിലവിൽ വന്ന തിയതി എന്നിവ തരം തിരിച്ചു നൽകുക
   b) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കില് റിപ്പോർട്ട് ചെയ്ത തിയതി ഫയല് നമ്പർ,റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം എന്നിവ തരം തിരിച്ചു നൽകുക
   c) നിലവിൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകള് എത്രയാണ്, ടി ഒഴിവുകള് നിലവിലുള്ള സ്ഥാപന അധികാരി നിലവിലുള്ള ഒഴിവുകള് സംബന്ധിച്ചു വകുപ്പിലെ നിയമന അധികാരിക്ക് ടി വിവരം അറിച്ചു കൊണ്ടുള്ള കത്ത് നൽകിയ തിയതി, പ്രസ്തുത കത്ത് വകുപ്പിലെ നിയമന അധിക്കാരിക്ക് ലഭിച്ച തിയതി എന്നിവ ഓരോ ഒഴിവും സംബന്ധിച്ച് പ്രത്യേകം തരം തിരിച്ചു നൽകുക,
   d) നിലവിലുള്ള ഒഴിവുകള് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, നിലവിൽ ഉള്ള ഒഴിവുകളില് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാന് സാധികാത്തവ ഉണ്ടെങ്കില് അവയുടെ വിശദവിവരങ്ങൾ നൽകുക
   e) 2017 ജൂണ് ഒന്നിന് ശേഷം താങ്കളുടെ വകുപ്പില് ലാസ്റ്റ്ഗ്രേഡ് തസ്തികയിലേക്ക് നിയമന ഉത്തരവ് നൽകിയവരുടെ പേര്, തസ്തികയുടെ പേര്, നിയമനം നൽകിയ സ്ഥാപനത്തിന്റെ പേര്, നിയമന ഉത്തരവ് നൽകിയ തിയതി, ടി വ്യക്തികൾ ജോലിയില് പ്രവേശിച്ച തിയതി എന്നിവ തരം തിരിച്ചു നൽകുക

മുകളില് ചോദിച്ച വിവരങ്ങള് എത്രയും വേഗം ലഭ്യമാക്കണമെന്ന് താൽപര്യപെടുന്നു. അധിക തുക ഈടക്കണമെങ്കിൽ അത് എത്രയും പെട്ടെന്ന് അറീക്കണമെന്ന് അഭ്യർത്ഥിക്കുന്നു

വിശ്വസ്തതയോടെ,

Ramya. P

4/10/2017

സ്ഥലം : Nilambur
തിയതി: 4/10/2017